**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-കോഡുകൾ, മാനുവലുകൾ, ചട്ടങ്ങൾ, ഫാറങ്ങൾ മുതലായവയുടെ പരിഭാഷാ സെൽ രൂപീകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(പിഎസ്)വകുപ്പ്

സ.ഉ(സാ)നം.711 /2015/ തസ്വഭവ. തിരുവനന്തപുരം, തീയതി, 12/03/2015.

---

പരാമർശം- 1. സ.ഉ(കൈ)നം.19/2003/ഉഭപവ. തീയതി, 16.07.2003.
2. 07.05.14 ലെ 8521/ഔ.ഭാ 3/14/ഉഭപവ നമ്പർ സർക്കുലർ

**<u>ഉത്തരവ്</u>**

ഓരോ വകുപ്പും ആ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന കോഡുകൾ, മാനുവലുകൾ,ചട്ടങ്ങൾ, ഫാറങ്ങൾ തുടങ്ങിയവ പരിഭാഷപ്പെടുത്തുന്നതിനായി ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാതെയുള്ള ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ മൂന്നിൽ കുറയാത്ത അംഗസംഖ്യയുള്ള ഒരു പരിഭാഷാ സെൽ രൂപീകരിക്കേണ്ടതാണ് എന്ന് പരാമർശം-1 പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരിഭാഷാ സെൽ രൂപീകരിക്കാത്ത വകുപ്പുകൾ അടിയന്തിരമായി പരിഭാഷ സെൽ രൂപീകരിക്കണമെന്നും പരിഭാഷപ്പെടുത്തിയ ഫാറങ്ങൾ, കോഡുകൾ, മാനുവലുകൾ, ചട്ടങ്ങൾ എന്നിവ സൂക്ഷ്മപരിശോധനയ്ക്കായി ഔദ്യോഗിക ഭാഷാ വകുപ്പിൽ ലഭ്യമാക്കണമെന്നും പരാമർശം- 2 ലെ സർക്കുലർ പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണവകുപ്പിന്റെ പരിഭാഷാ സെൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ(ആർസി/ആർഡി)വകുപ്പ്- കൺവീനർ

അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ(ഇഎം/എഫ്എം)വകുപ്പ്- അംഗം

സെക്ഷൻ ഓഫീസർ, തദ്ദേശസ്വയംഭരണ(ആർഡി)വകുപ്പ്- അംഗം

സെക്ഷൻ ഓഫീസർ, തദ്ദേശസ്വയംഭരണ(ഇഎം)വകുപ്പ്- അംഗം

പരിഭാഷാ സെൽ പരിഭാഷപ്പെടുത്തുന്ന ഫാറങ്ങൾ, കോഡുകൾ, മാനുവലുകൾ, ചട്ടങ്ങൾ എന്നിവ സൂക്ഷ്മപരിശോധനയ്ക്കായി ഔദ്യോഗിക ഭാഷാ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ പരിഭാഷ സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് തൊട്ടടുത്ത മാസം 10-ാം തീയതിക്ക് മുൻപായി ഔദ്യോഗിക ഭാഷാ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ് എന്നും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ(ആർസി/ആർഡി)വകുപ്പ്
അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ(ഇഎം/എഫ്എം)വകുപ്പ്
സെക്ഷൻ ഓഫീസർ, തദ്ദേശസ്വയംഭരണ(ആർഡി)വകുപ്പ്
സെക്ഷൻ ഓഫീസർ, തദ്ദേശസ്വയംഭരണ(ഇഎം)വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷാ)വകുപ്പ്
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎസ്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎസ്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎസ്(നഗരകാര്യം)
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ